REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 20-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ആശുപത്രികളുടെ സുരക്ഷ ഉറപ്പാക്കാൻ സുപ്രിംകോടതി ദേശീയ ദൗത്യസേനയ്ക്ക് രൂപം നൽകി.
- എല്ലാ കേന്ദ്ര ഗവൺമെന്റ് ആരോഗ്യസ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സുരക്ഷ ശക്തിപ്പെടുത്താൻ ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് കത്തെഴുതി.
- 170-ാം ശ്രീനാരായണ ഗുരു ജയന്തി ഇന്ന്. ഗുരു കേരളീയ സമൂഹത്തിലേക്ക് നവോത്ഥാനത്തിന്റെ വെള്ളിവെളിച്ചം പകർന്നെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഗവൺമെന്റ് സിനിമാനയം രൂപീകരിക്കുമെന്ന് മന്ത്രി P രാജീവ്.
- ഹേമകമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് സിനിമാ സംഘടനകളോട് ഗവൺമെന്റ് ചർച്ച നടത്തിയിരുന്നതായി മന്ത്രി സജി ചെറിയാൻ.
- സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

**ആശുപത്രികളുടെ സുരക്ഷ ഉറപ്പാക്കാൻ സുപ്രിംകോടതി ദേശീയ ദൗത്യസേനയ്ക്ക് രൂപം നൽകി. നാവികസേനാ സർജൻ വൈസ് അഡ്മിറൽ RK സരിൻ, ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട്**

**ഓഫ് ഗാസ്ട്രോളജി മാനേജിംഗ് ഡയറക്ടർ ഡോ. നാഗേശ്വർ റെഡ്ഡി എന്നിവർ ദൗത്യസംഘത്തിൽ അംഗങ്ങളാണ്.**

ആരോഗ്യസ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും ഡോക്ടർമാരടക്കം ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ ഇപ്പോഴത്തെ നിയമങ്ങൾ കൊണ്ട് കഴിയുന്നില്ലെന്ന് സുപ്രീംകോടതി വിലയിരുത്തി. ആരോഗ്യ രംഗത്തേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരുന്ന സാഹചര്യത്തിൽ സുരക്ഷാ സാഹചര്യം മെച്ചപ്പെടുത്താൻ മറ്റൊരു ബലാത്സംഗ കേസുണ്ടാകുന്നതു വരെ കാത്തിരിക്കാനാവില്ലെന്ന് ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു. കൊൽക്കത്ത മെഡിക്കൽ കോളജിലെ വനിതാ ഡോക്ടറെ മാനഭംഗപ്പെടുത്തി കൊല ചെയ്ത സംഭവത്തിൽ കോടതി സ്വമേധയാ എടുത്ത കേസിന്റെ വാദം കേൾക്കവെയാണ് ഡിവിഷൻ ബെഞ്ചിന്റെ പ്രതികരണം.

✪✪✪

എല്ലാ കേന്ദ്ര ഗവൺമെന്റ് ആരോഗ്യസ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സുരക്ഷ ശക്തിപ്പെടുത്താൻ ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് കത്തെഴുതി. ആശുപത്രിയുടെ പ്രവേശന കവാടം, ഇടനാഴികൾ, മറ്റു സുപ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ CC TV ക്യാമറകൾ സ്ഥാപിക്കണമെന്ന് കത്തിൽ നിർദ്ദേശമുണ്ട്. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ കൺട്രോൾ റൂമും സ്ഥാപിക്കണം. പരിശീലനം നേടിയ സുരക്ഷാ ഗാർഡുകളെ ആശുപത്രി പരിസരത്ത് നിയോഗിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു. ആശുപത്രിയിലേക്ക് വരുന്നതും പോകുന്നതുമായ ഗേറ്റുകളിൽ നിരീക്ഷണം ശക്തമാക്കി പ്രവേശനം നിയന്ത്രിക്കണം. തിരിച്ചറിയൽ കാർഡ് ധരിച്ച ആശുപത്രി ജീവനക്കാരെ മാത്രമേ കോമ്പൗണ്ടിൽ പ്രവേശിപ്പിക്കാവൂ എന്നും നിർദ്ദേശമുണ്ട്.

സുരക്ഷാ ഭീഷണി നേരിടുമ്പോൾ പ്രതികരിക്കേണ്ട തെങ്ങനെയാണെന്ന് ഡോക്ടർമാരടക്കം ജീവനക്കാർക്ക് പരിശീലനം നൽകുകയും വേണം. മോക്ഡ്രില്ലുകളിലൂടെ അടിയന്തര സാഹചര്യം നേരിടാൻ ജീവനക്കാരെ പ്രാപ്തരാക്കണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് 80-ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു.

ഇന്ന് രാജ്യം സദ്ഭാവനാദിനമായി ആചരിക്കുകയാണ്. 1981 മുതൽ 1991 വരെ മാത്രം നീണ്ട രാഷ്ട്രീയ ജീവിതത്തിൽ പ്രധാനമന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ച രാജീവ് ഗാന്ധി, രാജ്യ ചരിത്രത്തിലെ സമാനതകളില്ലാത്ത രാഷ്ട്രീയ നേതാവായിരുന്നു.

✪✪✪

ഇന്ത്യയും ജപ്പാനും ഇന്ന് ന്യൂഡൽഹിയിൽ 2+2 മന്ത്രിതല ചർച്ച നടത്തും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി ഡോ S ജയശങ്കർ,

ജപ്പാൻ പ്രതിരോധ മന്ത്രി കിഹാര മിനോരു, വിദേശകാര്യ മന്ത്രി യോക്കോ കാമികാവ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഇന്ത്യയ്ക്കും മലേഷ്യയ്ക്കുമിടയിലെ വ്യാപാര-വാണിജ്യ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് സഹകരണം വർധിപ്പിക്കണമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യ-മലേഷ്യ CEO ഫോറത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

ശ്രീനാരായണ ഗുരുവിന്റെ 170-ാം ജയന്തി ഇന്ന് ആഘോഷിക്കുന്നു. ഗുരുവിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ഗുരുകുലത്തിലും ശിവഗിരിയിലും അരുവിപ്പുറത്തും ഉൾപ്പെടെ ജയന്തി ആഘോഷങ്ങൾ നടക്കും.വൈകിട്ട് ജയന്തി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്റ്റേജ് കലാപരിപാടികൾ ഒഴിവാക്കിയാണ് ആഘോഷങ്ങൾ നടത്തുന്നത്. രാവിലെ ശ്രീനാരായണ ദാർശനിക സമ്മേളനം പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്തു.

ദിനാഘോഷത്തോടനുബന്ധിച്ച് SNDP യോഗം കോഴിക്കോട് യൂണിയന്റെ ആഭിമുഖ്യത്തിൽ രാവിലെ വെസ്റ്റ്ഹിൽ ചുങ്കം തായാട്ട് അയ്യപ്പ ക്ഷേത്ര പരിസരത്ത് നിന്നും ആരംഭിച്ച ഘോഷ യാത്ര മുൻ MP, K മുരളീധരൻ പരിപാടി ഉദ്ഘാടനം ചെയ്തു.

✪✪✪

കേരളീയ സമൂഹത്തിലേക്ക് നവോത്ഥാനത്തിന്റെ വെള്ളിവെളിച്ചം പകർന്നു നൽകിയ നേതാവാണ് ശ്രീനാരായണ ഗുരുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സവർണ്ണ മേൽക്കോയ്മയേയും സാമൂഹ്യതിന്മകളേയും ചോദ്യം ചെയ്ത ശ്രീനാരായണ ഗുരു, ജാതീയമായ ഉച്ചനീചത്വങ്ങൾക്കും സാമ്പത്തിക ചൂഷണങ്ങൾക്കുമെതിരെ ശക്തിയുക്തം നിലകൊണ്ടു. പലമത സാരവും ഏകമാണെന്നാണ് ഗുരു ലോകത്തോട് വിളിച്ചു പറഞ്ഞതെന്നും മുഖ്യമന്ത്രി ശ്രീനാരായണ ഗുരു ജയന്തി ദിനത്തിൽ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സർവ്വമതസമ്മേളനത്തിന്റെ ശതാബ്ദി വർഷം കൂടിയാണ് ഇത്. "വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്" എന്ന മുദ്രാവാക്യമുയർത്തി 1924 ൽ അദ്ദേഹം നടത്തിയ സർവമത സമ്മേളനം മതജാതി വൈരത്താൽ മലീമസമായ സമൂഹത്തിൽ സാഹോദര്യത്തിന്റെയും മാനവിക

ഐക്യത്തിന്റെയും സന്ദേശമാണ് നൽകിയത്. നൂറുവർഷങ്ങൾക്കിപ്പുറം ഈ ആശയത്തിന്റെ പ്രസക്തി വർദ്ധിച്ചിട്ടേയുള്ളൂവെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഗവൺമെന്റ് സിനിമാനയം രൂപീകരിക്കുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. റിപ്പോർട്ടിലെ മൊഴികളിൽ നിയമനടപടി സ്വീകരിക്കുന്നതിന് ചർച്ച ആരംഭിച്ചതായും മന്ത്രി പറഞ്ഞു. നിഗൂഢതകൾ നീക്കുന്നതിന് നടപടിയെടുക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഹേമകമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ലഭിച്ച 24 നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന് അമ്മയും WCC യുമുൾപ്പെടെ സംഘടനകളുമായി ഗവൺമെന്റ് നേരിട്ട് ചർച്ച നടത്തിയിരുന്നുവെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ജുഡീഷ്യൽ സ്വഭാവത്തോടുകൂടിയ കമ്മീഷന്റെ നിർദ്ദേശം മാനിച്ചാണ് റിപ്പോർട്ട് പുറത്തുവിടാതിരുന്നതെന്നും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് തെറ്റു സംഭവിച്ചിട്ടില്ലെന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി. റിപ്പോർട്ടിലെ കാര്യങ്ങൾ നിയമപരമായി പരിശോധിക്കും. ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്നും മന്ത്രി അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).........

സമൂഹത്തിന്റെ ജീർണ്ണത മുഴുവൻ പ്രതിഫലിപ്പിക്കുന്ന റിപ്പോർട്ട് ആണ് ഹേമ കമ്മീഷന്റേതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അഭിപ്രായപ്പെട്ടു. തുല്യതക്കായി പോരാടുന്നതിൽ സ്ത്രീകൾക്കൊപ്പം മുഴുവൻ സമൂഹവും അണി ചേരണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ഹേമകമ്മിറ്റി റിപ്പോർട്ടിൽ ഗവൺമെന്റ് വേട്ടക്കാർക്കൊപ്പമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. നാലു വർഷത്തോളം റിപ്പോർട്ട് പൂഴ്ത്തിവെച്ചതിന് മുഖ്യമന്ത്രിയടക്കം ആളുകൾ കുറ്റക്കാരാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പരാതികളുടെ കൂമ്പാരം കയ്യിലിരിക്കുമ്പോൾ അവർക്കെതിരെ നടപടിയെടുക്കുന്നതിനു പകരം പിന്നെയും പരാതിക്കായി ഗവൺമെന്റ് കാത്തിരിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

റിപ്പോർട്ട് പുറത്തുവിടാൻ വൈകിച്ചതിൽ മുഖ്യമന്ത്രി വിശദീകരണം നൽകണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും ആവശ്യപ്പെട്ടു. സ്ക്രീനിൽ ജനങ്ങൾ ആരാധിക്കുന്ന പല താരങ്ങളും

**യഥാർത്ഥത്തിൽ ആദരവ് അർഹിക്കാനാവാത്തവരാണെന്ന് കോൺഗ്രസ് നേതാവ് K മുരളീധരൻ  കോഴിക്കോട്ട് പറഞ്ഞു.**

**ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയെന്ന നിലയിൽ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണെന്ന് ഡോ. ശശിതരൂർ MP യും അഭിപ്രായപ്പെട്ടു. സിനിമാമേഖലയിലെ സ്ത്രീകൾ നേരിടുന്നത് ഭയജനകമായ അനുഭവമാണെന്ന് സാഹിത്യകാരി സാറാജോസഫും പ്രതികരിച്ചു.**

✪✪✪

**സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത കണക്കിലെടുത്ത് മറ്റന്നാൾ വരെ കേരള, കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.**

✪✪✪

**ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് മാലിന്യ സംസ്കരണ ശാല സ്ഥാപിക്കാൻ തീരുമാനമായി. മന്ത്രി P.A മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ  ചേർന്ന യോഗത്തിലാണ് തീരുമാനം.  ശുചിത്വ മിഷനാണ് പദ്ധതി നടപ്പാക്കുന്നത്.**

✪✪✪

**പ്രസിദ്ധമായ കണ്ണൂർ മുഴക്കുന്ന് മൃദംഗ ശൈലേശ്വരി ക്ഷേത്രത്തിൽ അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കുന്നു.മലബാർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലാണ് നവീകരണപ്രവർത്തനങ്ങൾ നടക്കുന്നത് .**

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ**

**.....(വോയ്സ്)..............**

✪✪✪

**സുബ്രതോ കപ്പ് രാജ്യാന്തര ഫുട്ബോൾ ടൂർണ്ണമെന്റിലെ അണ്ടർ 15 വിഭാഗത്തിൽ കേരളത്തിന് തകർപ്പൻ തുടക്കം. ബംഗളുരുവിലെ മത്സരത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന  ചേലേമ്പ്ര NNM HSS 4-0 ത്തിന് NCC യെ തോൽപ്പിച്ചു.**

✪✪✪

ഈ വർഷത്തെ P.V സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആൻഡ് സോഷ്യോ കൾച്ചറൽ അവാർഡ് ഗോകുലം ഗ്രൂപ്പ് കമ്പനികളുടെ എക്സിക്യൂട്ടീവ് ചെയർമാൻ ഗോകുലം ഗോപാലന് നൽകുമെന്ന് ട്രസ്റ്റ് ചെയർമാൻ P.V. ചന്ദ്രൻ അറിയിച്ചു. മെഡിക്കൽ റെപ്രസെന്ററ്റീവ് ആയി ജീവിതം തുടങ്ങി, വൻകമ്പനി ശൃംഖലയുടെ ഉടമയായി മാറിയ അദ്ദേഹം വ്യത്യസ്ത മേഖലകളിൽ നൽകിയ സംഭാവനകൾ മുൻനിർത്തിയാണ് പുരസ്കാരം. PV സാമി ചരമവാർഷികദിനമായ സെപ്റ്റംബർ ഒന്നിന് കോഴിക്കോട്ട് അവാർഡ് സമ്മാനിക്കും.

✪✪✪

വിവരാവകാശ അപേക്ഷയിൽ 30 ദിവസത്തിനകം മറുപടി നൽകാത്ത ഓഫീസർമാർക്കെതിരെ കർശന നടപടി എടുക്കുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനംഗം T.K രാമകൃഷ്ണൻ അറിയിച്ചു. ഒരു ഓഫീസിൽ നൽകുന്ന RTI അപേക്ഷയിൽ, വിവരങ്ങൾ, മറ്റൊരു ഓഫീസിൽ നിന്നാണ് ലഭിക്കേണ്ടതെങ്കിൽ പോലും ആ അപേക്ഷ കൈമാറേണ്ട ചുമതല ആദ്യ വിവരാവകാശ ഓഫീസർക്കുണ്ടെന്ന് അദ്ദേഹം കോഴിക്കോട്ട് വ്യക്തമാക്കി.

വിവരാവകാശ അപേക്ഷകളിൽ രണ്ടാം അപ്പീൽ കൂടിവരുന്ന പ്രവണതക്കെതിരെയും കമ്മീഷൻ പ്രതികരിച്ചു. താഴെതട്ടിൽ വിവരങ്ങൾ നൽകുന്നതിലെ വീഴ്ച്ചയാണ് ഇതിന് കാരണമെന്ന് TK രാമകൃഷ്ണൻ പറഞ്ഞു.

✪✪✪

കോഴിക്കോട് ആകാശവാണി ലിസണേഴ്സ് ആന്റ് ആർട്ടിസ്റ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ രാവിലെ ഗുജറാത്തി സ്ട്രീറ്റിലെ ഗുദാം ആർട്ട് ഗാലറിയിൽ പഴയകാല റേഡിയോകളുടെ പ്രദർശനം ആരംഭിച്ചു. ആകാശവാണി മുൻ സീനിയർ അനൗൺസർ R.കനകാംബരൻ ഉദ്ഘാടനം ചെയ്തു.

✪✪✪